# ആത്മകഥകൾ

## സമരാവേശവും സർഗാത്മകപ്രതിഭയും

സി. കെ. മൂസ്സതു്

ആത്മകഥയെഴുതി സമരകഥയാവുക, സമരാനുഭവം വിവരിക്കുമ്പോൾ അതിലാത്മകഥയിലെന്നപോലെ ഭാവതിവ്രത വന്നുപെടുക ഇതു രണ്ടും സംഭവിക്കാമെന്നു തോന്നിക്കുന്ന രണ്ടു ഗ്രന്ഥങ്ങളാണു നമ്മുടെ മുമ്പിലുള്ളതു് വിഷ്ണുഭാരതീയന്റെ ആത്മകഥയും നിക്കൊലായി ഓസ്ട്രവസ്കിയുടെ 'സമരത്തീച്ചൂളയിലൂടെ' എന്ന നോവലും രണ്ടു തരത്തിലാണെങ്കിലും അതീവ ശ്രദ്ധേയങ്ങളായി തോന്നി ശ്രദ്ധിച്ചുവായിച്ചപ്പോൾ.

വി. എം. വിഷ്ണുഭാരതീയൻ എന്ന പേരു് ചെറുപ്പംമുതൽ എനിക്കു സുപരിചിതമാണു്. ഒന്നാമതു് ആ പേരിനുതന്നെയുണ്ടല്ലോ ഒരു പുതുമ. പുരോഗമനത്തിന്റെ പേരിൽ വാലുമുറിക്കാൻ പലരും മുന്നോട്ടുവരുമ്പോൾ ജാതിക്കുപകരം ദേശീയതയുടെ ഒരു പദം തുന്നിച്ചേർക്കാൻ തുനിഞ്ഞ ഒരാളുണ്ടായല്ലോ, കേരളത്തിലെ സ്വാതന്ത്ര്യസമരകാലത്തു പല രംഗത്തും പല കൊടിക്കീഴിലും പയററി തന്റെ സർവ്വസ്വവും ബലിയർപ്പിച്ച ആ ത്യാഗൈകധനൻ അറിയപ്പെടുന്ന വ്യക്തിയാണു്. എന്നാൽ കേളപ്പന്റെയും ഇക്കണ്ടവാരിയരുടെയും മന്മഥന്റെയും നേതൃത്വത്തിൽ ഭൂമിദാനപ്രസ്ഥാനം ശക്തിപ്പെട്ട കാലത്താണു് ഭാരതീയനുമായി ഞാൻ നേരിൽ പരിചയപ്പെടുന്നതു്. പലതവണ അക്കാലത്തു എന്റെ ആതിഥ്യം സ്വീകരിച്ച പാലക്കാട്ടു് താമസിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പല അനുഭവങ്ങളും ഞാൻ സശ്രദ്ധം കേട്ടിരുന്നുപോയിട്ടുമുണ്ടു്.

കേളപ്പജി അന്തരിച്ചപ്പോൾ പയ്യന്നൂരിലെ ഉപ്പുസത്യാഗ്രഹസ്മരണകൾ അയവിറക്കിക്കൊണ്ടു ഭാരതീയൻ ഒരു ലേഖനമെഴുതിയതു് വായിച്ച ഓർമ്മയുമുണ്ടു്. 'കേരളത്തിലെ സ്വാതന്ത്ര്യസമരത്തിൽ കേളപ്പജിയോടൊപ്പം ഇരുപതുവർഷം തുടർച്ചയായും പിന്നീടു് 20 വർഷം ഇടവിട്ടും പ്രവർത്തിക്കുവാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നുണ്ടു്. 1927 ൽ ശ്രീ. ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ പയ്യന്നൂരിൽവെച്ചുചേർന്ന കേരള രാഷ്ട്രീയസമ്മേളനത്തിൽവച്ചാണു് കേളപ്പജിയെ ആദ്യമായി കാണുവാനുള്ള ഭാഗ്യം സിദ്ധിച്ചിരുന്നതു്. ഉപ്പുസത്യാഗ്രഹം, ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യാഗ്രഹം, അയിത്തോച്ചാടനം, മദ്യഷാപ്പു പിക്കററിങ്ങു്, ഖാദിപ്രചരണം എന്നീ പ്രവർത്തനങ്ങളിലെല്ലാം ഒരു സഹപ്രവർത്തകന്റെ നിലയിൽ ഞാനും പങ്കാളിയായിരുന്നു. ഈ വക പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കങ്ങൾ തൊണ്ണൂറുശതമാനം ഹൃദയത്തിലും കുറച്ചുഭാഗങ്ങൾ ഡയറിക്കുറിപ്പുകളിലും സൂക്ഷിച്ചുവച്ചിട്ടുണ്ടു്. ഇതെല്ലാം നിങ്ങൾ പ്രസിദ്ധീകരിക്കാൻപോകുന്ന പത്രത്തിൽ ഞാൻ തുടർച്ചയായി എഴുതിക്കൊള്ളാം. ഇപ്പോൾ ഉപ്പുസത്യാഗ്രഹത്തെപ്പററി എഴുതാം.' കേരളഗാന്ധിസ്മാരകനിധിയുടെ പ്രസിദ്ധീകരണത്തിനുവേണ്ടി എഴുതിയ ലേഖനത്തിന്റെ അവതരണഖണ്ഡികയാണിതു്. എന്നാൽ നിധിയുടമസ്ഥന്മാർ കൂടുതൽ എഴുതാൻ പ്രേരിപ്പിച്ചില്ല. അദ്ദേ

ഹത്തിൻെറ ഡയറിക്കുറിപ്പുകളും ആത്മകഥാരൂപത്തിൽ പ്രഭാത് ബുക്ക് ഹൗസുകാർ പ്രസിദ്ധീകരിച്ചപ്പോൾ പ്രത്യേകതൽപ്പര്യത്തോടെതന്നെ ഞാൻ വായിച്ചു.

വടക്കെ മലബാറിലെ കർഷകപ്രസ്ഥാനചരിത്രത്തോടുകൂടിയുള്ള ആത്മകഥ മുഴുവനും എഴുതി തയ്യാറാക്കണമെന്നു 1943-ൽതന്നെ ആഗ്രഹിച്ചതാണെങ്കിലും കുറെ അദ്ധ്യായങ്ങൾ പ്രസിദ്ധീകരിച്ചതു് 1961-ൽ ശ്രീ കെ. എ. കേരളീയൻെറ പത്രാധിപത്യത്തിലുള്ള കൃഷിക്കാരൻ വാരികയിൽ 'മായാത്ത സ്മരണകൾ' എന്ന പേരിലായിരുന്നു പിന്നീട് 1976-ൽ തിരുവനന്തപുരത്തു് ചികിൽസയ്ക്കു വന്നപ്പോൾ, മുഖ്യമന്ത്രിയും സഹൃദയനുമായ ശ്രീ. സി. അച്യുതമേനോൻെറ പ്രേരണപ്രകാരമാണ് 1951 വരെയുള്ള ചരിത്രം രേഖപ്പെടുത്തി പ്രസിദ്ധീകരണത്തിനു

അടിമകളെങ്ങനെ ഉടമകളായി.
വി. എം. വിഷ്ണുഭാരതീയൻ.
പേജ് 329. വില 12.00. പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം.

നൽകിയതു്. 'കർഷകപ്രസ്ഥാനത്തിൻെറ പ്രാരംഭകാലംമുതൽ അതിൻെറ മുന്നണിയിൽനിന്നു പ്രവർത്തിച്ച ഒരാളാണ് ഭാരതീയൻ തൊണ്ണൂറു വയസ്സു തികഞ്ഞ(?) കണ്ണിനു് കാഴ്ചയും ശരീരത്തിനു് ശക്തിയും നശിച്ച്, വീടുവിട്ടു പുറത്തിറങ്ങി യാത്രചെയ്യാൻ കഴിയാതെ ലോകത്തോടു അന്ത്യയാത്ര പറഞ്ഞു പിരിയേണ്ട സമയവും കാത്തിരിക്കുന്ന ഈ ദശയിൽ അദ്ദേഹം തൻെറ പഴയ കാലത്തെ സ്മരണകൾ അയവിറക്കി ആത്മകഥാരൂപത്തിൽ കർഷകപ്രസ്ഥാനത്തിൻെറ ആദ്യകാലചരിത്രം രേഖപ്പെടുത്തിവെച്ചിട്ടുള്ളതാണ് ഈ പുസ്തകം. അനന്തര തലമുറകളെ സംബന്ധിച്ചിടത്തോളം ഇതു് ഒരു അനർഘ്യനിധിയായിരിക്കുമെന്ന് ഞാൻ കരുതുന്നു' എന്നു ശ്രീ. സി. അച്യുതമേനോൻ അവതാരികാരൂപത്തിൽ എഴുതിച്ചേർത്തിട്ടുമുണ്ട്. ഏതാണ്ട് മുന്നൂറിച്ചില്ല്വാനം പേജുവരുന്ന ഈ ഗ്രന്ഥം പലതരത്തിൽ ശ്രദ്ധേയമായിട്ടുമുണ്ട് എന്നു പറയാതെ വയ്യ. ഭൂഷൻ അച്യുതമേനോൻെറ പ്രതീക്ഷയ്ക്കൊത്തായിട്ടില്ലെങ്കിലും..

കർഷകപ്രസ്ഥാനത്തിൻെറ ചരിത്രം നമ്മുടെ സ്വാതന്ത്ര്യസമരത്തിലെ ഒരു വീരേതിഹാസമാണെന്നും ആയിരം നാവുള്ള അനന്തൻ പറഞ്ഞാലും അവസാനം വരാത്ത ഒരു കഥയാണതെന്നും ശ്രീ സി. അച്യുതമേനോൻ പറയുന്നുണ്ട്; അതിനാദ്ദേഹ ബാധ്യസ്ഥനുമാണ്. പാക്കിസ്ഥാനും ഇന്ത്യയെപ്പോലെ പഴക്കവും വിസ്താരവുമുള്ള ഒരു രാജ്യം വിദേശശക്തിയോട് അഹിംസാധിഷ്ഠിതമായ ഗാന്ധിയൻ സത്യാഗ്രഹത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ, ദേശീയനേതൃത്വത്തിൻെറ പൊതുനയത്തിനു വിപരീതമായി ഒന്നോ രണ്ടോ താലൂക്കുകളിൽ വെട്ടും കൊലയും സംഘടിപ്പിക്കുന്നതു് സംഘാടകർ എത്ര ധീരന്മാരായാലും സ്വാതന്ത്ര്യലബ്ധിക്കു സഹായകരമാണോ എന്ന വിവാദപ്രശ്നത്തിലേക്കു കടക്കുന്നില്ല. എങ്കിലും ഖിലാഫത്തു് പ്രസ്ഥാനത്തിൻെറ പേരിൽ ഏറനാട്ടിൽ നടന്ന കലാപവും സ്വാതന്ത്ര്യത്തിൻെറ സുവർണ്ണതീരങ്ങളിലേക്കു് പ്രസ്ഥാനത്തെ അടുപ്പിക്കാൻ സഹായിച്ചിട്ടുണ്ട് എന്നു പറയേണ്ടിവരും. ദുരവസ്ഥ എന്ന കൃതിയിൽ മഹാകവി കുമാരനാശാൻ എന്തു സൂചിപ്പിച്ചാലും! പ്രത്യയശാസ്ത്രപരമായി കമ്യൂണിസവുമായി പൊരുത്തപ്പെടാൻ ഭാരതീയനു് ഒരിക്കലും കഴിഞ്ഞിരുന്നില്ല എന്നു് അച്യുതമേനോൻ പറയുന്നു. കാരണം ഭാരതീയൻ തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്നു എന്നതുതന്നെ. ഗീതയും രാമായണവുമായിരുന്നു അദ്ദേഹത്തിൻെറ പ്രചോദനത്തിൻെറ ഉറവിടം. ചിലപ്പോൾ കമ്യൂണിസ്റ്റ് സുഹൃത്തുക്കളോടും ചിലപ്പോൾ കോൺഗ്രസ്സ് സുഹൃത്തുക്കളോടും ചിലപ്പോൾ ജനസംഘ സുഹൃത്തുക്കളോടും ബന്ധപ്പെടുന്നതിനു വിരോധം തോന്നാത്ത അപ്രതിബദ്ധനായ ഒരു വ്യക്തിയായിരുന്നു വിഷ്ണുഭാരതീയൻ എന്നു പറയുന്നതല്ലേ ശരി? കോൺഗ്രസ്സിലെ ഗാന്ധിയൻമാർ എന്നു പറയപ്പെടുന്ന വാസ്തവത്തിൽ വലതുപക്ഷക്കാരായ നേതാക്കന്മാർ പണക്കാരുടെ ബന്ധുക്കളും അവരുടെ താല്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നവരുമായിരുന്നുവെന്നും നേരെമറിച്ച് കമ്യൂണിസ്റ്റുകാർ മാത്രമാണ് പാവപ്പെട്ടവരുടെ ബന്ധുക്കളായിരുന്നതെന്നും ഭാരതീയനു് അനുഭവപ്പെട്ടു എന്ന നിഗമനത്തിൽ ശ്രീ

തുടർച്ച...

അപ്യതമേയനാൽ എത്തിപ്പെടുന്നതു് ആശ്ചര്യകരമായി തോന്നി.

അനീതി എവിടെക്കണ്ടാലും അതിനെതിരായി സാഹസികമായി പ്രതികരിക്കുക എന്നല്ലാതെ അതു് ഏതു രീതിയിലാകണം എന്നൊന്നും ചിന്തിച്ചുനിൽക്കുന്ന പ്രകൃതമായിരുന്നില്ല ശ്രീ വിഷ്ണുഭാരതീയന്റേതു്. ഉറച്ച ഗാന്ധിയനാണെന്നും കേളപ്പന്റെ അനുയായിയാണെന്നും പറഞ്ഞുകൂടാ; ഗീതയും വാല്മീകിരാമായണവും ആയിരുന്നു പ്രചോദനകേന്ദ്രമെന്നതു ശരിയാണു്. എന്നാൽ 1934 ഫെബ്രുവരി ആദ്യവാരത്തിൽ ജയിൽശിക്ഷ കഴിഞ്ഞു പുറത്തുവന്നതു് പ്രധാനമായ രണ്ടു തീരുമാനങ്ങളോടുകൂടിയായിരുന്നു അദ്ദേഹം എഴുതുന്നു; 'അതിൽ ഒന്നു് ഗ്രാമാന്തരങ്ങളിൽ അസംഘടിതരായി ഒറ്റതിരിഞ്ഞു നിൽക്കുന്ന കൃഷിക്കാരെ ഓരോ ഗൃഹത്തിലും ചെന്നുകണ്ടു് അവരെ സംഘടിപ്പിക്കുക. രണ്ടാമത്തേതു് ബംഗാളിലെ ഭീകരപ്രസ്ഥാനത്തെപ്പോലെ തന്നെ ആയുധങ്ങൾ ഉപയോഗിച്ചു വെള്ളക്കാരായ ഉയർന്ന ഉദ്യോഗസ്ഥന്മാരെയും പോലീസിൽ അത്യന്തം ഉപദ്രവികളായവരേയും കൊല്ലുക...... വളരെക്കാലമായി ജഡ്ജി, നാടുവാഴി, സാമന്തൻ എന്നിവരുടെ കീഴിൽ അടിമകളായി, ഭീരുക്കളായി അപകർഷതാബോധത്തോടെ ജീവിച്ചിരുന്ന അവർ ജന്മിമാർക്കു എതിരായി ചിന്തിക്കുവാൻപോലും ഭയപ്പെട്ടിരുന്നതുകൊണ്ടു് ഞങ്ങളോടു സഹകരിക്കുകയുണ്ടായില്ല. അവരുടെ ഭീരുത്വത്തെ നശിപ്പിക്കാനായി ശ്രമം. പിന്നെ ഭീകരപ്രസ്ഥാനത്തിന്റെ ഒരു ഗൂഢസംഘം രൂപീകരിക്കുവാൻ നിശ്ചയിച്ചു..........സംഘത്തിന്റെ സംഘടന പൂർത്തിയായെന്നു തോന്നിയാൽ ഒരു ദിവസം ഒരേ മണിക്കൂറിൽ ഞങ്ങളുടെ ആയുധങ്ങൾ മുൻകൂട്ടി തീരുമാനിച്ച ശിരസ്സുകളുടെ നേർക്കു പ്രയോഗിക്കുവാനും ലക്ഷ്യം പിഴച്ചുപോകുന്നപക്ഷം വിഷം കഴിച്ചു ആത്മഹത്യചെയ്യുവാനുമൊക്കെ ഞങ്ങൾ ഉറച്ചു' ഇത്രയും ചെയ്യാൻ തീരുമാനിച്ച ഒരാൾ ഉറച്ച ഗാന്ധിഭക്തനാണെന്നും ഭാരതത്തോടുള്ള ഭക്തികൊണ്ടായിരുന്നു പുതിയ തീരുമാനമെന്നും പറയുന്നതിൽ കഴമ്പില്ല.

ഒന്നോ രണ്ടോ താലൂക്കിൽ ഇത്തരം പ്രസ്ഥാനം പ്രാദേശികമായി നടപ്പിലാക്കി കുറെ അനുയായികളെ നേടി പാർട്ടി കൊഴുപ്പിച്ചുവെങ്കിലും സ്വാതന്ത്ര്യലബ്ധിക്കു കാര്യമായ പ്രയോജനം ഇതുകൊണ്ടുണ്ടായിട്ടില്ലെന്നു ആർക്കാണു മനസ്സിലാക്കാൻ പ്രയാസം. ഇതിലെ ബുദ്ധിശൂന്യതയേയും അവസരവാദപരമായ നിഗൂഢോദ്ദേശത്തേയും തുറന്നു കാട്ടിയവരെ വലതന്മാരെന്നും പണക്കാരുടെ ബന്ധുക്കളെന്നും പിന്തിരിപ്പന്മാരെന്നും വിശേഷിപ്പിച്ചാൽ അതു വിശ്വസിക്കാൻ സാമാന്യക്കാർക്കു വിഷമമുണ്ടു്. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ദുരന്തത്തിലനുശോചിക്കാൻ മനഃപ്രയാസമുണ്ടായതു പലർക്കും. ഏറെക്കാലം നിലനിന്നില്ല എന്നതു രാജ്യത്തിന്റെ ഭാഗ്യം.

ശ്രീ വിഷ്ണുഭാരതീയൻ ഭീകരപ്രസ്ഥാനത്തിനു ന്യായീകരണം കാണുന്നതു പുരാണങ്ങൾ മലർത്തിവെച്ചാണെന്നതു് ശ്രദ്ധേയമത്രേ. അദ്ദേഹം എഴുതി: 'ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം സ്വീകരിച്ച മാർഗ്ഗം അഹിംസാധിഷ്ഠിതമാണു്. ഇന്നേവരെ ഞാൻ പ്രവർത്തിച്ചിരുന്നതും ആ മാർഗ്ഗത്തിൽ കൂടിയാണു്. ഇന്നതിൽനിന്നു ഭിന്നമായ ഒരു മാർഗ്ഗം സ്വീകരിക്കപ്പെടേണ്ടിവരുമെന്നു ഞാൻ കരുതിയിരുന്നില്ല. പുത്തൻ കോൺഗ്രസുകാർ (എന്നുവെച്ചാൽ തിലകനുശേഷം വന്ന ഗാന്ധിമതക്കാർ) പറയുന്നതുപോലെ ആയുധധാരികളായ എതിർകക്ഷികൾ നമ്മെ വെടിവെച്ചും അടിച്ചും വധിക്കാൻ ശ്രമിക്കുമ്പോൾ എതിരാളിയുടെ യുദ്ധമുറ നാം സ്വീകരിച്ചുപോയാൽ ആ വിഭാഗക്കാർ ഭ്രഷ്ടന്മാരോ സമുദായദ്രോഹികളോ ആണെന്നു ഞാൻ കരുതുന്നില്ല. മഹാത്മജിയുടെ നേതൃത്വം ആ മാർഗം സ്വീകരിക്കുവാൻ ഉപദേശിച്ചിട്ടുണ്ടു് അതു് ഇന്ത്യയുടെ താല്ക്കാലികനിലയ്ക്കു പ്രായോഗികമായിട്ടുള്ളതും ആണു്(?) 1935 ൽ സത്യാഗ്രഹം പരാജയപ്പെട്ടപ്പോൾ ഒരു സായുധവിപ്ലവം തന്നെ നടത്തിയു, ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കുവാൻ പല ഭാരതീയരും

സമരത്തീച്ചൂളയിലൂടെ. നിക്കോലായി ഓസ്ട്രവ്സ്കി. വിവർത്തനം: കാനം വിജയൻ. പേജ് 331 വില 7.00. പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം.

ശ്രമിച്ചിട്ടുണ്ട്. മലബാറിൽ ആ പ്രവർത്തനത്തിന്റെ ശാഖ സ്ഥാപിച്ച് പ്രവൃത്തി ആരംഭിച്ചപ്പോൾ അതിൽ ഞാനും ഒരംഗമായിട്ടുണ്ട്. ഭാരതീയ സംസ്കാരങ്ങളുടെ ഉറവിടമായ രാമായണം, ഭാരതം മുതലായ ഇതിഹാസങ്ങൾ പരിശോധിച്ചാലും എതിരാളിയോട് യുദ്ധം ചെയ്യുന്നതിൽ തെറ്റ് ഇല്ലെന്നു മാത്രമല്ല അങ്ങനെ പ്രവർത്തിക്കാതിരിക്കുന്നത് ഭീരുത്വമാണെന്നും ആത്മപൗരുഷത്തിനും ധർമ്മത്തിനും നിരക്കാത്തതാണെന്നും പറയുന്നുമുണ്ട്. അതുകൊണ്ടാണല്ലോ അഭിമന്യു, അർജ്ജുനൻ, ഭീഷ്മർ മുതലായവരെ വീരകേസരികളായി വർണ്ണിച്ചുകാണുന്നത് അക്കാലത്തു സമുദായം അവരെ മുക്തകണ്ഠം സ്തുതിച്ചതല്ലാതെ നിന്ദിച്ചതായി ഒരു സ്ഥലത്തും കാണുകയില്ല സമീപകാലത്തു ശിവാജി, റാണാ പ്രതാപസിംഹ് ഇവരും പഴശ്ശി കേരളവർമ്മ മുതലായവരും മാതൃകയാണ്.

ഫലിതസമ്രാട്ടായ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, പ്രൊഫസർ എൻ. ജി. രംഗ എന്നിവരും ഗ്രന്ഥകാരന്റെ ദൃഷ്ടിയിൽ ബകാസുരനോ വഞ്ചകവീരനോ ആയിപ്പോവുന്നു കേസരി നായനാർ അക്കാലത്തു ജീവിച്ചിരുന്നില്ലെങ്കിലും, ജന്മികുടുംബാംഗമായതിനാൽ അദ്ദേഹത്തിന്റെ അവസ്ഥ വിഭാവനം ചെയ്യാൻ ഭാരതീയനു യുക്തികാണുന്നുണ്ട്. ശ്രീ നായനാർ ഒമ്പത് ആനകളുടെ ഉടമയാണ്. 15,000 രൂപയ്ക്കു നികുതി ജന്മമുണ്ട്; മദിരാശി നിയമസഭാംഗമാണ്; ഗവർണ്ണരടക്കം അതിഥികളായി വരും. തീർച്ചയായും അഴിമതിക്ക വീര്യം കൂടണമല്ലോ. സ്വാതന്ത്ര്യം കിട്ടി മുപ്പതുവർഷം കഴിഞ്ഞിട്ടും ഭരണാധികാരികൾ പക്ഷപാതപരമായി പെരുമാറുന്നു; ഭരണാധികാരികളെ പോക്കറ്റിൽ കൊണ്ടുനടക്കുന്ന ജന്മിനായനാരെ സാമാന്യജനങ്ങൾ ബകാസുരനെയെന്നപോലെ ഭയന്നിരിക്കണം എന്നു് ഊഹിക്കാം. ഏതു ജാതിയിലും മതത്തിലും വർഗത്തിലുംപെട്ടവരാകട്ടെ, വേങ്ങയിൽ നായനാർക്കെതിരായി വിശിഷ്യ കേസരി നായനാർക്കെതിരായി ആരും അപശബ്ദം ഉരിയാടുകയില്ല. ജന്മികുടിയാൻ ബന്ധം പിതൃപുത്രനിർവ്വിശേഷമാകണമെന്നും കുടിയാന്മാരുടെ അഭിവൃദ്ധിയിലാണു ജന്മിയുടെ അഭിവൃദ്ധി കാണേണ്ടതെന്നും അവരുടെ വിദ്യാഭ്യാസത്തിനു ജന്മിമാർ മുൻകൈയെടുത്തു വിദ്യാലയങ്ങൾ തുടങ്ങണമെന്നും വാദിച്ച ഒരു ദേഹമാണ് ശ്രീ നായനാർ. എന്തുചെയ്യാം ജന്മിയായിപ്പോയല്ലോ. പ്രൊഫസർ രംഗയെ വർഗവഞ്ചനയുടെ കിരീടം എന്നാണു വിശേഷിപ്പിക്കപ്പെടുന്നത്. 'ഇത്രയും വഞ്ചകനായ ഒരു വ്യക്തി ഭാരതത്തിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല' എന്ന പരാമർശം ശ്രീ വിഷ്ണുഭാരതീയന്റെ വാക്യമായി വായിച്ചപ്പോൾ വേദന തോന്നി 'ആന്ധ്രയിലെ കർഷകരുടെ ഇടയിൽ അവരുടെ അവശതകളെപ്പറ്റി വളരെയധികം പ്രസംഗപ്രചാരണങ്ങൾ നടത്തി കർഷകനേതാവായി ചമഞ്ഞു ഇന്ത്യയുടെ അകത്തു മാത്രമല്ല, വിദേശ പത്രലേഖകന്മാർ വഴി ന്യൂയോർക്കിലും ഇന്ത്യൻ കർഷകനേതാവെന്നുള്ള സ്ഥാനം പത്രപംക്തികളിൽക്കൂടി വിദേശങ്ങളിലും എത്തിയിരുന്നു.

മൊറാഴ കേസ്സിന്റെ വിവരണം ആറുപേജിലധികം നീട്ടി വിവരിച്ചിട്ടുണ്ട്. ശ്രീ ഭാരതീയൻ പല യാതനകളും അനുഭവിച്ചു. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കെ. പി. ആറിനെ വധശിക്ഷയിൽ നിന്നൊഴിവാക്കാൻ വേണ്ടുന്നതു ചെയ്യണമെന്നു കേളപ്പൻ ഗാന്ധിജിക്ക് എഴുതിയതും ഗാന്ധിജിയുടെ അഭ്യർത്ഥനയനുസരിച്ച് ഇന്ത്യാഗവൺമെന്റ് കെ. പി ആറിനെ മോചിപ്പിച്ചതും പരാമർശിക്കാമായിരുന്നു തിരുവല്ലായ്ക്കടുത്ത് ഒരു പ്രേമബന്ധം, പിന്നെ അമ്മാവന്റെ മകളെ വിവാഹം ചെയ്യൽ, ഒമ്പതുമാസത്തിനിടയ്ക്ക് ഒരു വിജാതീയ വിവാഹം, ആറുമാസത്തിനുശേഷം സജാതീയത്തിലേക്ക തിരിച്ചുപോക്ക്, ഭാര്യയുടെ ചരമം നടന്നു പതിനെട്ടുവർഷം 'അവിവാഹിതനായി കഴിഞ്ഞു 55-ാം വയസ്സിൽ മറെറാരു വിവാഹം—ഇത്രയും സാധിച്ച ഒരാൾ പറയുകയാണ് പൊതുപ്രവർത്തകർക്ക വിവാഹം ഒരു കാൽവിലങ്ങായേക്കുമെന്നു!

ആത്മകഥ എന്ന നിലയ്ക്കു നിലനില്പുവേണമെങ്കിൽ അപാകതകൾ പരിഹരിക്കണമല്ലോ. എന്ന ഉദ്ദേശംവച്ചു ചില കാര്യങ്ങൾ പറഞ്ഞുപോയി എന്നേയുള്ളു. അടുത്ത പതിപ്പിൽ അതെല്ലാം പരിഹരിക്കാൻ സംഗതിയാവട്ടെ 'ഞാൻ' എന്ന ഉത്തമപുരുഷനിലാണ് ആഖ്യാനം അത് ചില ദിക്കിൽ ഗ്രന്ഥകാരന്റെ വാക്യങ്ങളിൽതന്നെ ഭാരതീയൻ എന്നാകുന്നുണ്ട്. 153-ാം പേജിൽ വടകര കോട്ടപ്പറമ്പ് യോഗത്തെക്കുറിച്ച് എഴുതുമ്പോൾ 'എം. കെ. കേളു അദ്ധ്യക്ഷം വഹിച്ചു. ഗോപാലക്കുറുപ്പ് സ്വാഗതം പറഞ്ഞു ഭാരതീയൻ ഉൽഘാടനം രാമൻമേനവൻതന്നെയായി

...ഒന്നാമത്തെ പ്രദ്യോതാവതാരകൻ' എന്നാ...ക്കുന്ന അടുത്ത ഖണ്ഡികയിൽ 'ഞാൻ' പ്ര...ഷപ്പെടുന്നുമുണ്ട്. അതുപോലെ ആറോൺ ...പണിമുടക്കം എന്ന ഉപശീർഷകത്തിൽ (...ാം പേജ്) എഴുതിയതിങ്ങനെയാണ്. പണിമുടക്ക കമ്മറ്റിയിൽ പി. കൃഷ്ണപിള്ള, കെ. പി. ഗോപാലൻ, ഭാരതീയൻ, കെ. എ. കേരളീയൻ, പി. എം. ഗോപാലൻ, ചന്ദ്രോത്ത് കോരൻ മുതലായവർ അംഗങ്ങളാണ്. പേജ് 208 ലും ഈ സംഭവം സംബന്ധിച്ച് പോലീസിനു പിടികിട്ടേണ്ടുന്ന ചില വ്യക്തികൾ കെ. പി. ആർ. ഗോപാലൻ, വിഷ്ണുഭാരതീയൻ മുതലായവരാണ് എന്നു പറഞ്ഞിരിക്കുന്നു. അതുപോലെ അന്ത്യരോഗത്തു അഖിലകക്ഷി കുടിയാൻയോഗം എന്ന ശീർഷകത്തിൽ കോഴിക്കോട്ട് ടൗൺഹാൾ സമ്മേളനത്തിലെ തീർപ്പുകൾ പറയുന്ന ഭാഗം, നോക്കൂ ഏ. എൻ. നമ്പീശൻ, അദ്ധ്യക്ഷൻ ഭാരതീയൻ, ഏ. വി. കുഞ്ഞമ്പു... എന്നിവരും മറ്റു ചില പ്രതിനിധികളും ഹാജരുണ്ടായിരുന്നു.....കേളപ്പനേയും ഭാരതീയനേയും സമ്മേളനതീരുമാനം വിവരിച്ചുകൊടുക്കാൻ അധികാരപ്പെടുത്തി.'

ചില പ്രതീക്ഷകളെ പൂവണിയിക്കുന്ന ഒരു ഒന്നാംകിട പ്രസിദ്ധീകരണമായിട്ടുണ്ട് നമ്മുടെ മുമ്പിൽത്തന്നെയുള്ള 'സമരത്തീച്ചൂളയിലൂടെ' എന്ന നോവൽ. ഹൗദിസ്റ്റീൽവസ്ടമ്പർസ് ഉരുക്കങ്ങിനെ ഉരുക്കാക്കി എന്ന നിക്കോലായി ഓസ്ട്രോവിസ്കിയുടെ 1917—1920 കാലത്തെ സോവ്യറ്റ് വിപ്ളവത്തിലെ അനുഭവങ്ങൾ ചൂടോടെ പകർത്തുന്നു. തികച്ചും ആത്മകഥാംശം ഉൾക്കൊള്ളുന്ന ഒന്നാന്തരം നോവലിന്റെ ഒന്നാന്തരം വിവർത്തനമായിട്ടുണ്ട് ഈ പുസ്തകം. കാനം വിജയന്റെ വിവർത്തനം ശരിക്കും വിജയമാക്കി മാറ്റുന്നതായിട്ടുണ്ട് പി. ആർ. നമ്പ്യാരുടെ എഡിറ്റിങ്ങ് എന്നു പറയാൻ മടിക്കേണ്ടതില്ല. ഒരു പുരോഹിതന്റെ സ്വകാര്യ വിദ്യാലയത്തിൽനിന്നു അകാരണമായി പുറത്താക്കപ്പെട്ട ആറേഴുവയസ്സുള്ള ഒരു ദരിദ്രബാലൻ റെയിൽവേ റസ്റ്ററണ്ടിൽ പാത്രംകഴുകാൻ ജോലിക്കു നിൽക്കുന്നതും കലാബോധമുള്ള ബാലൻ അവിടെ ചൂളംവിളിച്ചു നടക്കുന്ന അധർമ്മിക പ്രവണതകൾകണ്ടു മടുത്തു സുഹൃത്തുക്കളുടെ സഹായത്തോടുകൂടി വൈദ്യുതിനിലയത്തിൽ ജോലിക്കു ചേരുന്നതും രണ്ടുമൂന്നു വർഷത്തിനിടയ്ക്ക് വിപ്ലവസേനയുടെ അശ്വാരൂഢസൈനികനായകനായി വിഖ്യാതിയിലേക്കുയർന്ന ആ യുവാവാണ് പാവൽ കൊർച്ചാഗിൻ. പുസ്തകപ്രിയനും സംഗീതപ്രേമിയുമായിരുന്ന ആ യുവസൈനികൻ.

ഒരേറ്റുമുട്ടലിൽ കുതിരപ്പുറത്തുനിന്നു തെറിച്ചുവീണ ആ യുവാവു ആഴ്ചകളോളം ആശുപത്രിയിൽ ബോധമറ്റു കിടന്നുവെങ്കിലും വിദഗ്ദ്ധ ചികിത്സയുടെ ഫലമായി സുഖം പ്രാപിച്ചു. ഇടത്തേ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടപ്പോൾ, അയാളുടെ ദുഃഖം ശത്രുവിനെതിരായി എങ്ങനെ തോക്കുചൂണ്ടാൻ കഴിയുമെന്നതായിരുന്നു. പുസ്തകങ്ങളോടും, സംഗീതത്തോടുമുള്ള തന്റെ പ്രേമഭാജനമായ തൊന്യ എന്ന സുന്ദരിയേക്കാളും ആ ഇരുപത്തിരണ്ടുകാരനെ വശീകരിച്ചിരുന്നതു വിപ്ലവബോധമായിരുന്നു പാർട്ടിക്കൂറായിരുന്നു. അവസാനഭാഗത്തെ ഒരു രംഗം തൊന്യ ദുഃഖഭാരത്തോടെ പാവേലിനോടു ചോദിച്ചു 'ആ അസ്തമനസൂര്യനെപ്പോലെ നമ്മുടെ സൗഹൃദവും അസ്തമിക്കാൻ പോവുകയാണോ? അവളുടെ മുഖത്തേക്കു തുറിച്ചുനോക്കിനിന്നു പാവെൽ നെറ്റിക്കടിച്ചുകൊണ്ടു മൃദുസ്വരത്തിൽ മറുപടിനൽകി. 'തൊന്യ ഇതെക്കുറിച്ചു മുമ്പും നാം സംസാരിച്ചിട്ടുള്ളതാണ്. നിനക്കറിയാമല്ലോ ഞാൻ നിന്നെ സ്നേഹിച്ചിരുന്നുവെന്ന്. ഇപ്പോഴും ഞാനതിനു തയ്യാറാണ്. പക്ഷെ നീ ഞങ്ങളുടെകൂടെ വരണം. മുമ്പത്തെ പാവലൂഷ അല്ല ഞാനിപ്പോൾ. പാർട്ടിക്കു മുമ്പു നിനക്കു ഞാൻ സ്ഥാനംതരാമെന്നു നീ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ ഞാനൊരുപാവം ഭർത്താവുമാത്രമായിരിക്കും. ഞാനെപ്പോഴും പാർട്ടിക്കാണെന്റെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുക നീയും എന്റെ പ്രിയപ്പെട്ടവരുമെല്ലാം രണ്ടാമതേ വരുകയുള്ളു '

വിജയംവരിച്ച സൈനികവേഷത്തിൽ കൊർച്ചാഗിൻ അമ്മയുടെ മുമ്പിൽ എത്തുന്നുണ്ട്. 'മകനെ ആലിംഗനം ചെയ്ത അമ്മ അവന്റെ മുഖത്തായിരം ചുംബനങ്ങൾ അർപ്പിച്ചു. അവരുടെ കവിളിലൂടെ സന്തോഷാശ്രുക്കൾ ഒഴുകിയിറങ്ങി. അമ്മയെ തന്റെ മാറോടു ചേർത്തുകൊണ്ട് പാവേൽ വേദനയും ആകാംക്ഷയും അലതല്ലുന്ന മുഖത്തേക്കു നോക്കിനിന്നു. അവർ ശാന്തയാകുന്നതുവരെ അവൻ കാത്തുനിന്നു. വളരെയധികം

യാതനകൾ അനുഭവിച്ച ഈ സ്ത്രീയുടെ കണ്ണുകൾ ഒരിക്കൽക്കൂടി സന്തോഷത്താൽ തിളങ്ങി 'പാട്രിയോട്' സഖാവിനുണ്ടായിരുന്ന അവിച്ഛേദ്യമായ മമതയുടെ പ്രതീകാത്മകമായ ചിത്രീകരണമായി വായനക്കാർക്ക് തോന്നാതെവരില്ല.

ഓസ്ട്രോവിസ്കി എന്ന മൂലഗ്രന്ഥകാരൻ തന്നെ ഏറ്റു പറയുന്നുണ്ട് കഥാനായകനും താനും തമ്മിൽ ആത്മബന്ധമുണ്ടെന്ന്. 'നിക്കൊലായ് ഓസ്ട്രോവ്സ്കിയും പാവൽ കൊർചാഗിനും അടുത്ത സുഹൃത്തുക്കളാണ്, അതു ഞാൻ ഒരു രഹസ്യമായി സൂക്ഷിക്കുന്നില്ല. പാവൽ കൊർചാഗിൻ എന്ന കഥാപാത്രത്തെ എന്റെ ബുദ്ധിയിൽനിന്നും എന്റെ രക്തത്തിൽനിന്നുകൂടിയാണ് ഞാൻ സൃഷ്ടിച്ചതും. പക്ഷേ എനിക്കറിയേണ്ടത് ഇത്രമാത്രമാണ് ആത്മകഥപോലെ, ഒരു ജീവിതത്തിന്റെ മാത്രം കഥയാണെന്ന് എന്റെ നോവൽ വായിച്ചാൽ തോന്നുമോ? ഞാൻ ഈ ചോദ്യം ഉദ്ദേശപൂർവ്വം തുറന്നു ചോദിച്ചതാണ്. കാരണം ഞാൻ ചെയ്യുന്ന പ്രവൃത്തി നല്ലതോ ശരിയോ ജനങ്ങൾക്ക് ഉപയോഗപ്രദമോ അല്ലാത്തതോ എന്നെനിക്കറിയേണ്ടിയിരിക്കുന്നു'. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട നിലയിൽ വൃദ്ധയായ മാതാവിന്റെ പരിചരണത്തിൽ രോഗഗ്രസ്തനായി കഴിയുമ്പോൾ ഗ്രന്ഥകർത്താവ് ഒരു സന്ദർശകനോട് ചോദിച്ച ചോദ്യമാണിത്.

ആത്മകഥയും നോവലും ഭാവതീവ്രതയുള്ള ഖണ്ഡകാവ്യവും എല്ലാം ചേർന്നതായിട്ടുണ്ട് ഇതിന്റെ രചന. മുന്നൂറ്റിമുപ്പതിലധികം പേജു വരുന്ന ഈ വിവർത്തനഗ്രന്ഥമാകെ പരതിയിട്ട് അല്പമൊന്നു പരിഷ്കരിക്കാമെന്ന തോന്നലുണ്ടാക്കിയ വാക്യങ്ങൾ പത്തിലധികം എണ്ണം കണ്ടുകിട്ടിയില്ല. അത്ര സംശുദ്ധമായിട്ടുണ്ട് വിവർത്തനവും എഡിറ്റിങ്ങും. ഏഴുരൂപക്ക് ഇത്തരമൊരു വിഭവം നൽകിയ പ്രഭാത് അനുമോദനാർഹരാണ്. സാഹസിക രംഗങ്ങളും സെക്സും പ്രകൃതിദൃശ്യങ്ങളും എല്ലാമുണ്ട്. ലക്ഷ്യബോധമാണ് സർവ്വപ്രധാനം. ഇത്തരം കൃതികൾ ഇനിയും കാഴ്ചവയ്ക്കാൻ പ്രഭാത്കാർ ഉത്സാഹിക്കട്ടെ.

---

## നല്ല ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിന്

## ധനസഹായം

മലയാളത്തിലെ വിജ്ഞാനസാഹിത്യശാഖയെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഈ ഇനത്തിൽപ്പെടുന്ന നല്ല ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിന് കേരള സാഹിത്യഅക്കാദമി സാമ്പത്തികസഹായം നൽകുന്നു. ചെറുകഥ, നോവൽ, നാടകം, കവിത, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിൽ പെടുന്ന കൃതികൾ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.

അപേക്ഷാഫോറത്തിനും നിർദ്ദേശങ്ങൾക്കും 50 പൈസ സ്റ്റാമ്പൊട്ടിച്ച് സ്വന്തം മേൽവിലാസമെഴുതിയ മറുപടിക്കവർ സഹിതം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, ടൗൺഹാൾറോഡ്, തൃശ്ശൂർ-680 001 എന്ന വിലാസത്തിൽ ആവശ്യപ്പെടുക. പൂരിപ്പിച്ച അപേക്ഷാഫോറവും കൃതിയും 1982 ജൂൺ 30-ാം തീയതിക്കു മുൻപ് അക്കാദമി ആഫീസിൽ കിട്ടത്തക്കവിധം അയച്ചുതരേണ്ടതാണ്.

സെക്രട്ടറി

കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ